**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 3841

31.01.2014-ലെ മറുപടിയ്ക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) ഗ്രാമങ്ങൾ തോറും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ കൂടുതലായി ഏർപ്പെടുത്തി വിലക്കയറ്റം പിടിച്ചുനിർത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) ഗ്രാമങ്ങൾ തോറും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് ഇപ്പോൾ പദ്ധതി ഇല്ല. സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജക മണ്ഡലങ്ങളിലും നിലവിലുള്ള 142 സഞ്ചരിക്കുന്ന ത്രിവേണികളുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. |
| (ബി) ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) ആവശ്യമുള്ള എല്ലാ കേന്ദ്രങ്ങളിലും ഉടൻ നന്മ സ്റ്റോറുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ